# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4594**      **26.10.2016** -ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗങ്ങളുടെ സമഗ്ര വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.സി.ജോർജ്ജ്** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | പിന്നോക്ക വിഭാഗങ്ങളുടെ ത്വരിത ഗതിയിലുള്ള സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് മുഖ്യതടസ്സം വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണെന്ന് മനസ്സിലാക്കി, അവരുടെ വിദ്യാഭ്യാസ വികസനത്തിന് പ്രാമുഖ്യം നൽകുവാൻ നടപടി സ്വീകരിക്കുമോ; | എ) | പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| ബി) | പിന്നോക്ക വിഭാഗങ്ങളായ പട്ടികജാതി - പട്ടികവർഗ്ഗം, ഒ.ബി.സി., ഒ.ഇ.സി., വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സഹായവും തൊഴിലവസരവും വർദ്ധിപ്പിയ്ക്കുവാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | പട്ടികജാതി - പട്ടികവർഗ്ഗം മറ്റ് അർഹ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം 25% വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 25% കൂടി വർദ്ധിപ്പിച്ച് ആകെ വർദ്ധനവ് 50% ആക്കി വർദ്ധിപ്പിക്കുന്നതാണ്. പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നതിന് നിലവിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ 16 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ധനസഹായങ്ങളും തൊഴിലവസരവും വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ടവർക്കായി പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു വർഷം 1,25,000/- രൂപവച്ച് |

| | | | |
|---|---|---|---|
| | | | പരമാവധി 4 വർഷത്തേയ്ക്ക് 5,00,000/- രൂപവരെ 4.5% പലിശനിരക്കിൽ വിദ്യാഭ്യാസവായ്പയും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫസ്റ്റ്ക്ലാസ്സ്/ഡിസ്റ്റിംഗ്ഷൻ അതിനു മുകളിലോ നേടുന്നവർക്ക് യഥാക്രമം 750/-, 1000/- രൂപ വീതവും പ്ലസ് ടു പരീക്ഷയിൽ അത് 1000/- രൂപയായും വിദ്യാഭ്യാസ പ്രോൽസാഹന സമ്മാനമായും ലക്ഷ്യ വിഭാഗത്തിൽപ്പെട്ട വിദ്യർത്ഥികൾക്ക് മെഡിക്കൽ /എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനം നേടുന്നതിന് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസിനത്തിൽ 40,000/- രൂപ വരെ ധനസഹായവും നൽകി വരുന്നുണ്ട്. |
| സി) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവേർട്ട്സ് ഫ്രം എസ്.സി. ആന്റ് അതർ റെക്കമെൻഡഡ് കമ്മ്യൂണിറ്റീസ് എന്നിവ മുഖാന്തിരം നൽകിവരുന്ന ധനസഹായത്തിന്റെ തോത് കുറവാണെന്നത് മനസ്സിലാക്കി സഹായത്തിന്റെ വ്യാപ്തി കൂട്ടുതലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവേർട്ട്സ് ഫ്രം എസ്.സി. ആന്റ് അതർ റെക്കമെൻഡഡ് കമ്മ്യൂണിറ്റീസ് എന്നിവ മുഖാന്തിരം നൽകി വരുന്ന ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**